"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ലെനിൻ.എൽ ഫയൽ ചെയ്ത OA 1830/2024 ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28/11/2024 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2025/LSGD തിരുവനന്തപുരം,തീയതി: 01-01-2025

---

പരാമർശം:-

1. 25.11.2024-ലെ സ.ഉ (സാധാ) നം.2290/2024/LSGD
2. OA1830/2024-ന്മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 28.11.2024-ലെ ഇടക്കാല ഉത്തരവ്
3. ശ്രീ.ലെനിൻ.എൽ, അസിസ്റ്റന്റ് ഡയറക്ടർ 30.11.2024-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024-ലെ LSGD/PD/41489/2024-LL1നമ്പർ കത്ത്

**ഉത്തരവ്**

നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീ.ലെനിൻ.എൽ ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ചാലക്കുടി നഗരസഭാ സെക്രട്ടറി ആയി നിയമനം നൽകിയിരുന്നു. ഇതിനെതിരെ ശ്രീ.ലെനിൻ.എൽ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA 1830/2024 ഫയൽ ചെയ്യുകയുണ്ടായി. സർവ്വീസിൽ നിന്നും വിരമിക്കാൻ 6 മാസം ശേഷിക്കുന്ന ടിയാന് സ്വന്തം ജില്ലയായ തിരുവനന്തപുരം ജില്ലയിൽ നിയമനം നല്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് OA ഫയൽ ചെയ്തിട്ടുള്ളത്. പ്രസ്തുത OA 1830/2024-ന്മേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

*"Considering the fact that the Applicant is due to retire on 31.05.2025, we issue an interim direction to the Ist Respondent to consider and pass orders on Annexure A4 with due regard to the claims of the stake holders, within a period of one month from the date of receipt of a copy of this order. The Applicant shall submit before the first Respondent, a copy of the original application along with a copy of the interim order."*

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സുരേഷ് കുമാർ.കെ. എസ്-നെ

തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികയിലേക്ക് സ്ഥലംമാറ്റിക്കൊണ്ടും അപ്രകാരം തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് ചാലക്കുടി നഗരസഭാ സെക്രട്ടറി ശ്രീ. ലെനിൻ. എൽ നെ സ്ഥലംമാറ്റി നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു

OA 1830/2024-മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28.11.2024-ലെ ഇടക്കാല ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
ശ്രീ. ലെനിൻ.എൽ, പുത്തൻവീട്, കഠിനംകുളം, പുതുക്കുറിച്ചി, തിരുവനന്തപുരം-695203
ബന്ധപ്പെട്ട വ്യക്തികൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ , കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 01-01-2025 17:01:28

സെക്ഷൻ ഓഫീസർ